പുതുതായി അനുവദിച്ച ട്രെയിനുകൾ

67(2105) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം-കായംകുളം തീരദേശ റെയിൽ പാതയിലൂടെ ഈ സർക്കാർ കാലയളവിൽ പുതിയതായി അനുവദിച്ചുകിട്ടിയതും ദീർഘിപ്പിച്ചു കിട്ടിയതുമായ ട്രെയിനുകൾ ഏതെല്ലാമെന്ന് പറയാമോ; പുതിയ ട്രെയിനുകളും ബോഗികളും അനുവദിച്ചുകിട്ടുന്നതിന് സംസ്ഥാന സർക്കാർ റെയിൽവേ മന്ത്രാലയത്തിൽ ആവശ്യങ്ങൾ സമർപ്പിച്ചിട്ടുണ്ടോ ; വിശദമാക്കുമോ;

(ബി) ബോഗികളുടെ എണ്ണം കൂട്ടുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുമ്പോൾ അനുവദിച്ചുകിട്ടുന്നത് റിസർവ്വേഷൻ ബോഗികളാണെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇതുമൂലം സാധാരണക്കാരായ ദൈനംദിന യാത്രക്കാർക്ക് പ്രയോജനമില്ലാത്തതിനാൽ കംപാർട്ട്മെന്റുകൾ ജനറൽകൾകൂടി അനുവദിച്ചു കിട്ടുവാൻ നിർദ്ദേശങ്ങൾ സമർപ്പിക്കുമോ?

ഉത്തരം

(എ) എറണാകുളം-കായംകുളം തീരദേശ റെയിൽപാതയിലൂടെ ഈ സർക്കാർ കാലയളവിൽ പുതിയതായി അനുവദിച്ചുകിട്ടിയതും ദീർഘിപ്പിച്ചുകിട്ടിയതുമായ ട്രെയിനുകൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. ട്രെയിൻ നമ്പർ 19262/19261 – പോർബന്തർ - കൊച്ചുവേളി - പോർബന്തർ എക്സ്പ്രസ്
2. ട്രെയിൻ നമ്പർ 66302/66303 – കൊല്ലം - എറണാകുളം - കൊല്ലം മെമു.
3. ട്രെയിൻ നമ്പർ 22207/22208 – മദ്രാസ് തിരുവനന്തപുരം - മദ്രാസ് തുരന്തോ.
4. ട്രെയിൻ നമ്പർ 22633/22634 – തിരുവനന്തപുരം - നിസാമുദ്ദീൻ - തിരുവനന്തപുരം
5. ട്രെയിൻ നമ്പർ 66309/66310 – കൊല്ലം - എറണാകുളം - കൊല്ലം
6. ട്രെയിൻ നമ്പർ 22655/22656 – തിരുവനന്തപുരം - നിസാമുദ്ദീൻ - തിരുവനന്തപുരം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ പാർലമെന്റ് അംഗങ്ങളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ റെയിൽ വികസനവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ പ്രത്യേക മെമ്മോറാണ്ടം 2016-17-ലെ റെയിൽവേ ബഡ്ജറ്റിന് മുന്നോടിയായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പുമന്ത്രിയും എം.പി.-മാരും ചേർന്ന് നേരിട്ട് ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്കും ബഹുമാനപ്പെട്ട കേന്ദ്ര റെയിൽവേ മന്ത്രിക്കും നൽകുകയുണ്ടായി. ടി മെമ്മോറാണ്ടത്തിൽ നിലമ്പൂർ - തിരുവനന്തപുരം രാജ്യറാണി എക്സ്പ്രസ്സ് ഒരു സ്വതന്ത്ര ട്രെയിനായി സർവ്വീസ് നടത്തുക, തിരുവനന്തപുരം-മധുര-വേളാങ്കണ്ണി എന്നീ തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധിപ്പിച്ചു കൊണ്ട് ഭാരത് തീർത്ഥ ട്രെയിൻ ആരംഭിക്കുക, തിരുവനന്തപുരം - മംഗലാപുരം ഇന്റർസിറ്റി എക്സ്പ്രസ് ആരംഭിക്കുക, തമിഴ്നാട്, കേരളം, കർണ്ണാടകം, ഗോവ തുടങ്ങിയ സംസ്ഥാനങ്ങളെ ബന്ധിപ്പിച്ച് കന്യാകുമാരി-ഗോവ ടൂറിസ്റ്റ് ട്രെയിൻ ആരംഭിക്കുക, തിരുവനന്തപുരം-നിസ്സാമുദ്ദീൻ രാജധാനി എക്സ്പ്രസ് ദിവസേന സർവ്വീസ് നടത്തുക, കോട്ടയം വഴിയുള്ള കണ്ണൂർ- തിരുവനന്തപുരം ജനശതാബ്ദി ട്രെയിൻ ദിനംപ്രതിയാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്.

(ബി) ദീർഘദൂര ട്രെയിനുകൾ പ്രധാനമായും സംസ്ഥാനത്തുനിന്നും ദൂരയാത്ര നടത്തുന്നവരെയും തിരികെയുള്ളവരെയും ഉദ്ദേശിച്ചുള്ളവയാണ്. പ്രസ്തുത ട്രെയിനുകളിൽ ബോഗികളുടെ എണ്ണം കൂട്ടുമ്പോൾ വർദ്ധിച്ചുവരുന്ന ദീർഘദൂര യാത്രാവശ്യം കണക്കിലെടുത്ത് റിസർവ്വേഷൻ ബോഗികൾ അനുവദിക്കുന്നതാണ് ഉചിതം.

ട്രെയിൻ യാത്രക്കാരുടെ സുരക്ഷ

68([T]2106) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ട്രെയിൻ യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

1196/2017.